

# ഖുര്‍ആന്‍ ബോധനം

**674**

**എ.വൈ.ആര്‍**

**സൂറ-17**

# അല്‍ ഇസ്റാഅ്

فَإِذَا جَآءَ وَعْدُ أُولَىٰهُمَا بَعَثْنَا عَلَيْكُمْ عِبَادًا لَّنَآ أُو۟لِى بَأْسٍ شَدِيدٍ فَجَاسُوا۟ خِلَـٰلَ ٱلدِّيَارِ ۚ وَكَانَ وَعْدًا مَّفْعُولًا ﴿٥﴾

5. അതില്‍ ആദ്യവാഗ്ദാനം പുലര്‍ന്നപ്പോള്‍ നിങ്ങള്‍ക്കെതിരെ നമ്മുടെ പരാക്രമശാലികളായ ദാസന്മാരെ നിയോഗിച്ചു. അവര്‍ നിങ്ങളുടെ ദേശങ്ങളില്‍ നുഴഞ്ഞു കയറി നാനാദിക്കിലും വ്യാപിച്ചു. പുലരേണ്ടതനിവാര്യമായ വാഗ്ദാനം തന്നെയായിരുന്നു അത്.

ثُمَّ رَدَدْنَا لَكُمُ ٱلْكَرَّةَ عَلَيْهِمْ وَأَمْدَدْنَـٰكُم بِأَمْوَٰلٍ وَبَنِينَ وَجَعَلْنَـٰكُمْ أَكْثَرَ نَفِيرًا ﴿٦﴾

6. പിന്നീട് നാം ശത്രുക്കളെ ജയിക്കാന്‍ നിങ്ങള്‍ക്കവസരമേകി. സമ്പത്തിനാലും സന്തതികളാലും നിങ്ങളെ പോഷിപ്പിച്ചു. നിങ്ങളുടെ ജനസംഖ്യ പൂര്‍വോപരി പെരുപ്പിച്ചു തന്നു.

فَإِذَا جَآءَ = വന്നാല്‍ (പുലര്‍ന്നപ്പോള്‍) وَعْدُ أُولَىٰهُمَا = (അതില്‍) രണ്ടില്‍ ആദ്യ വാഗ്ദാനം

بَعَثْنَا عَلَيْكُمْ = നാം നിങ്ങള്‍ക്കെതിരെ നിയോഗിച്ചു عِبَادًا لَّنَآ = നമ്മുടെ ദാസന്മാരെ

أُو۟لِى بَأْسٍ شَدِيدٍ = കൊടിയ ശക്തിയുടയവരായ(പരാക്രമശാലികളായ)

فَجَاسُوا۟ = അവര്‍ നുഴഞ്ഞു കയറി നാനാദിക്കിലും വ്യാപിച്ചു خِلَـٰلَ ٱلدِّيَارِ = ദേശങ്ങള്‍ക്കിടയില്‍(വീടുകളില്‍)

وَكَانَ = അത് ആയിരുന്നു وَعْدًا مَّفْعُولًا = ചെയ്യപ്പെടുന്ന വാഗ്ദാനം (പുലരേണ്ടത് അനിവാര്യമായ വാഗ്ദാനം തന്നെ)

ثُمَّ = പിന്നീട് رَدَدْنَا لَكُمُ = നാം നിങ്ങളെ മടക്കി, നിങ്ങള്‍ക്കുവേണ്ടി തിരിച്ചടിച്ചു(അവസരമേകി)

ٱلْكَرَّةَ عَلَيْهِمْ = ഒരു മടക്കം, ആക്രമണം (അവരെ ജയിക്കാന്‍) وَأَمْدَدْنَـٰكُم = നാം നിങ്ങളെ പോഷിപ്പിച്ചു

بِأَمْوَٰلٍ وَبَنِينَ = മുതലുകളാലും മക്കളാലും وَجَعَلْنَـٰكُمْ = നിങ്ങളെ നാം ആക്കി(ത്തന്നു)

أَكْثَرَ = ഏറ്റം പെരുത്തത്(പെരുപ്പിച്ചു)

نَفِيرًا = സംഘത്താല്‍(നിങ്ങളുടെ ജനസംഖ്യ)

**5.** ഒന്നാമത്തെ ചരിത്ര ദുരന്തമാണ് ഇവിടെ സൂചിപ്പിക്കുന്നത്: ഈജിപ്തില്‍ നിന്ന് ഫലസ്ത്വീനില്‍ തിരിച്ചെത്തിയ ഇസ്രാഈല്യരോട് തദ്ദേശീയ ജനങ്ങളില്‍ ഏക ദൈവ വിശ്വാസവും ഇസ്‌ലാമിക സംസ്കാരവും പ്രചരിപ്പിക്കാനും വേദപ്രമാണങ്ങള്‍ നടപ്പിലാക്കാനുമാണ് മൂസാ(അ)യും തുടര്‍ന്നുള്ള പ്രവാചകന്മാരും കല്‍പിച്ചിരുന്നത്. ഇസ്രാഈല്യര്‍ ആ കല്‍പന അവഗണിച്ചു. വിഗ്രഹാരാധനയും അതിന്റെ മറ്റനാചാരങ്ങളും കുറെയൊക്കെ സ്വയം സ്വീകരിച്ചുകൊണ്ട് മതപരമായി ബഹുദൈവവിശ്വാസികളോട് സമരസപ്പെടുകയാണവര്‍ ചെയ്തത്. സകലതരം അധര്‍മങ്ങളും അനാചാരങ്ങളും ഇസ്രാഈലി സമൂഹത്തില്‍ കൊടികുത്തി വാഴുകയായിരുന്നു അതിന്റെ ഫലം. അതിനിടെ രാജ്യം രണ്ടായി പിളരുകയും ചെയ്തു. സാമിരിയ്യ തലസ്ഥാനമായ ഇസ്രാഈലും ജറൂസലം തലസ്ഥാനമായ യഹൂദായും. ഈ ദുരവസ്ഥക്കെതിരെ നേരത്തെ സൂചിപ്പിച്ചപോലെ പ്രവാചകന്മാര്‍ നല്‍കിയ മുന്നറിയിപ്പുകളൊന്നും ഫലപ്രദമായില്ല. ബി.സി ഒമ്പതാം നൂറ്റാണ്ടു മുതല്‍ അസീറി

യന്‍ രാജാക്കന്മാര്‍ നടത്തിക്കൊണ്ടിരുന്ന ആക്രമണങ്ങളും അവരുടെ കണ്ണു തുറപ്പിച്ചില്ല. ഒടുവില്‍ ഇസ്രാഈലികളുടെ മാര്‍ഗഭ്രംശവും ധിക്കാരവും ശൈഥില്യവും മൂര്‍ധന്യത്തിലെത്തിയ ഘട്ടത്തില്‍ ബി.സി 721 ല്‍ അസ്സീറിയന്‍ രാജാവ് സാഗന്‍ ഇസ്രയേല്‍ രാജ്യത്തിനു നേരെ ഘോരമായ ആക്രമണമഴിച്ചു വിട്ടു. അത് ഇസ്രയേല്‍ രാഷ്ട്രത്തിന്റെ അന്ത്യം കുറിച്ചു. ആയിരക്കണക്കിനാളുകള്‍ വധിക്കപ്പെട്ടു. 27000 ഇസ്രാഈല്യരെ രാജ്യത്തു നിന്നു പുറത്താക്കി. അവരെ അസീരിയയുടെ കിഴക്കന്‍ പ്രദേശങ്ങളില്‍ ചിന്നിച്ചിതറി താമസിപ്പിച്ചു. മറ്റു നാടുകളില്‍ നിന്ന് ജനങ്ങളെകൊണ്ടു വന്ന് ഇസ്രയേലില്‍ അധിവസിപ്പിക്കുകയും ചെയ്തു.

ജറൂസലം തലസ്ഥാനമായ യഹൂദ രാഷ്ട്രത്തെയും അസീറിയക്കാര്‍ ആക്രമിച്ചെങ്കിലും പൂര്‍ണമായി നശിപ്പിക്കുകയോ ഇസ്രാഈല്യരെ അവിടെനിന്ന് പുറത്താക്കുകയോ ചെയ്തില്ല. കപ്പം കൊടുക്കുന്ന സാമന്ത രാജ്യമായി അതിനെ നിലനിര്‍ത്തി. പക്ഷേ ബി.സി 598ല്‍ ബാബിലോണിയന്‍ ചക്രവര്‍ത്തി നബുക്കദ് നസര്‍ യഹൂദ രാഷ്ട്രത്തെ ആക്രമിച്ച് കീഴടക്കി. രാജാവിനെ പിടികൂടി തടവിലിട്ടു. ബി.സി 587 ല്‍ ബാബിലോണിയക്കാര്‍ ജറൂസലം അടക്കമുള്ള സകല യഹൂദ പട്ടണങ്ങളും തകര്‍ത്തു തരിപ്പണമാക്കി. മസ്ജിദുല്‍ അഖ്സായും നശിപ്പിച്ചു. വലിയൊരു വിഭാഗം യഹൂദരെ നാടുകടത്തുകയും ചെയ്തു. ഇങ്ങനെ ഇസ്രായീല്യരുടെ രണ്ടു രാജ്യങ്ങളുടെയും നാശം പൂര്‍ണമായി. بَعَثْنَا യുടെ അര്‍ഥം ഉയര്‍ത്തി, അയച്ചു, നിയോഗിച്ചു എന്നൊക്കെയാണ്. അതിനോട് ചേര്‍ന്ന عَلَى എന്ന ശബ്ദം വരുമ്പോള്‍ ഇളക്കിവിട്ടു, അഴിച്ചുവിട്ടു, ആധിപത്യമേകി തുടങ്ങിയ അര്‍ഥങ്ങള്‍ കൂടി വഹിക്കും. അസീറിയരുടെയും ബാബിലോണിയക്കാരുടെയും ആക്രമണം യാദൃഛികമായിരുന്നില്ല; ദൈവധിക്കാരത്തിന്റെയും അധര്‍മപ്രമത്തതയുടെയും ശിക്ഷയായി നേരത്തെ വിധിച്ചിട്ടുള്ളതു പ്രകാരം അല്ലാഹു ഇസ്രാഈല്യര്‍ക്കെതിരെ അവരെ ഇളക്കിവിടുകയായിരുന്നു എന്നാണീ പദപ്രയോഗത്തിന്റെ ധ്വനി. നുഴഞ്ഞു കടക്കുകയും രഹസ്യങ്ങള്‍ പരതി നടക്കുകയും ചെയ്യുക എന്നര്‍ഥമുള്ള جَوْس ല്‍ നിന്നുള്ള ക്രിയയാണ് جَاسَ. രഹസ്യാന്വേഷണത്തിന് تجسس എന്നു പറയും. جَاسُوس ചാരനാണ്. യുദ്ധവേളയില്‍ പട്ടാളക്കാരുടെ جَوْس, കൊല്ലേണ്ടവരെ പരതിനടക്കലാണ്. വീട് എന്നും നാട് എന്നും അര്‍ഥമുള്ള دَار ന്റെ ബഹുവചനമാണ് دِيَار. ഈ സന്ദര്‍ഭത്തില്‍ രണ്ടര്‍ഥവും സാധുവാകുന്നു. നാട് എന്ന അര്‍ഥമനുസരിച്ച് ബാബിലോണിയന്‍ ഭടന്മാര്‍ ഫലസ്ത്വീന്‍ ദേശങ്ങളിലൊക്കെയും പരതി നടന്ന് ആളുകളെ കൊന്നു തള്ളി. രണ്ടാമത്തേതനുസരിച്ച് ആ ഭടന്മാര്‍ വീടുകള്‍ തോറും കയറിയിറങ്ങി കണ്ണില്‍ കണ്ടവരെയെല്ലാം വധിക്കുകയും വീടുകള്‍ തകര്‍ക്കുകയും ചെയ്തുകൊണ്ടിരുന്നു. രണ്ടര്‍ഥത്തിലും ഇസ്രാഈല്യരുടെ ദൈന്യതയുടെ ആഴമാണത് പ്രകാശിപ്പിക്കുന്നത്. യിരമ്യാ പ്രവാചകന്‍ ആ ആക്രമണത്തെക്കുറിച്ചു പറഞ്ഞതായി ബൈബിള്‍ ഉദ്ധരിക്കുന്നു: "സൈന്യങ്ങളുടെ കര്‍ത്താവ് അരുള്‍ ചെയ്യുന്നു. എന്റെ വചനങ്ങള്‍ നിങ്ങള്‍ അനുസരിക്കാത്തതിനാല്‍ ഇതാ, എല്ലാ വടക്കന്‍ ഗോത്രക്കാരെയും ബാബിലോണ്‍ രാജാവായ നബുക്കദനെസ്സര്‍ എന്ന എന്റെ ദാസനെയും ഞാന്‍ ആളയച്ചു വരുത്തും. കര്‍ത്താവാണ് ഇത് അരുള്‍ ചെയ്യുന്നത്; ഈ ദേശത്തിനും ഇതിന്റെ ചുറ്റുപാടുമുള്ള ഈ സര്‍വ ജനതകള്‍ക്കും എതിരായി ഞാന്‍ അവരെ കൊണ്ടുവരും. കര്‍ത്താവാണ് ഇത് അരുള്‍ ചെയ്യുന്നത്. ഞാന്‍ അവരെ നിശ്ശേഷം നശിപ്പിച്ചു ജുഗുപ്സാ വിഷയമാക്കും. സീല്‍ക്കാരത്തിനും നിത്യാപമാനത്തിനും വിഷയമാകും. മാത്രമല്ല ഞാന്‍ അവരില്‍ നിന്ന് ആഹ്ലാദധ്വനിയും ആനന്ദാഘോഷങ്ങളും മണവാളന്റെ സ്വരവും മണവാട്ടിയുടെ സ്വരവും തിരികല്ലിന്റെ ശബ്ദവും വിളക്കിന്റെ വെളിച്ചവും നീക്കിക്കളയും. ഈ ദേശം മുഴുന്‍ നശിച്ചു പോകും" (യിരെമ്യ:25:9-10). അത് പുലരേണ്ടത് അനിവാര്യമായ വാഗ്ദാനമായിരുന്നു وَعۡدًا مَّفۡعُولًا എന്നു പറയുന്നിന്റെ താല്‍പര്യമിതാണ്, അല്ലാഹു നേരത്തെ വിധിച്ചിട്ടുള്ളതും പ്രവാചകന്മാരുടെ പ്രവചനങ്ങളിലൂടെ മുന്നറിയിപ്പു നല്‍കപ്പെട്ടതുമായ കാര്യമാണത്. അല്ലാഹുവിന്റെ വിധി നടപ്പിലാവാതെ പോകുക അസംഭവ്യമാകുന്നു.

**6.** ബാബിലോണിയന്‍ പ്രവാസം അവസാനിച്ച ശേഷം ഇസ്രാഈല്യര്‍ക്കുണ്ടായ ഉത്ഥാനമാണിവിടെ പരാമര്‍ശിക്കുന്നത്. നാലു പതിറ്റാണ്ട് നീണ്ടതായിരുന്നു ബാബിലോണിലെ പ്രവാസം. അക്കാലത്ത് ഒരു വിഭാഗം ഇസ്രാഈല്യരെ തദ്ദേശീയരുടെ ബഹുദൈവ വിശ്വാസവും മന്ത്രമാരണാദി അനാചാരങ്ങളും വല്ലാതെ സ്വാധീനിച്ചുവെങ്കിലും അതിനെതിരായ പരിഷ്കരണ പ്രവര്‍ത്തനങ്ങളും അവരില്‍ നിന്നുതന്നെ ഉയര്‍ന്നു വന്നു. തുടര്‍ന്നു ഇസ്രാഈല്യരില്‍ വലിയൊരു വിഭാഗം ക്രമേണ സ്വന്തം സ്വത്വം കണ്ടെത്തുകയും സത്യവിശ്വാസത്തിലേക്കും സദാചാരത്തിലേക്കും മടങ്ങുകയും ചെയ്തു. നാലു പതിറ്റാണ്ടു പിന്നിട്ടപ്പോഴേക്കും അവരില്‍ ഉല്‍ക്കര്‍ഷേഛയും സ്വാതന്ത്ര്യ ബോധവുമുള്ള പുതിയൊരു തലമുറ ഉയര്‍ന്നു വരികയുമുണ്ടായി. എങ്കിലും ബാബിലോണിയക്കാരെ തോല്‍പിച്ച് സ്വാതന്ത്ര്യം നേടാനുള്ള ശക്തിയൊന്നും അവര്‍ക്കുണ്ടായിരുന്നില്ല. ഈ അവസരത്തിലാണ് ബാബിലോണിയക്കുനേരെ പേര്‍ഷ്യന്‍ രാജാവ് സൈറസിന്റെ പടയോട്ടമുണ്ടാകുന്നത്. പേര്‍ഷ്യക്കാരെ ഇസ്രാഈല്യര്‍ സഹായിച്ചു. ബാബിലോണ്‍ പരാജയപ്പെട്ടു. ബി.സി 538 ല്‍ ബാബിലോണ്‍ പേര്‍ഷ്യയുടെ കീഴിലായി. യുദ്ധത്തില്‍ ഇസ്രാഈല്യര്‍ നല്‍കിയ പിന്തുണക്ക് പ്രത്യുപകാരമായി ബി.സി 530 ല്‍ പേര്‍ഷ്യന്‍ ചക്രവര്‍ത്തി ദാരിയൂസ് അവര്‍ക്ക് ഫലസ്ത്വീനിലേക്ക് തിരിച്ചുപോകാന്‍ അനുമതി നല്‍കി. യഹൂദര്‍ കൂട്ടംകൂട്ടമായി ബാബിലോണ്‍ പ്രദേശങ്ങളില്‍ നിന്ന് ഫലസ്ത്വീനില്‍ തിരിച്ചെത്തിക്കൊണ്ടിരുന്നു. ബി.സി 522ല്‍ അവസാനത്തെ യഹൂദ രാജാവിന്റെ പൗത്രന്‍ സെക്രൂബാബേല്‍ യഹൂദയിലെ ഗവര്‍ണറായി നിശ്ചയിക്കപ്പെട്ടു. അദ്ദേഹം ജറൂസലമില്‍ വിശുദ്ധ ഹൈക്കല്‍ പുനര്‍നിര്‍മിച്ചു. ഗവര്‍ണറുടെ ഉപദേഷ്ടാവും മതപരിഷ്കര്‍ത്താവുമായ ഉസൈറി(എസ്രാ)ന്, യഹൂദ സമൂഹത്തെ മൂസവീ ശരീഅത്തു പ്രകാരം പുനഃസംവിധാനിക്കാന്‍ പേര്‍ഷ്യന്‍ ചക്രവര്‍ത്തി കല്‍പന കൊടുത്തു. ഈ കല്‍പന ബൈബിള്‍ ഉദ്ധരിക്കുന്നു:

"അല്ലെയോ എസ്രാ, നിനക്കു നിന്റെ ദൈവം നല്‍കിയ ജ്ഞാനപ്രകാരം നദിക്കക്കരെ പാര്‍ക്കുന്ന സകല ജനത്തിനും നിന്റെ ദൈവത്തിന്റെ ജ്ഞാനപ്രമാണമറിയുന്ന ഏവര്‍ക്കും തന്നെ ന്യായപാലനം നടത്താന്‍ അധികാരികളെയും ന്യായാധിപന്മാരെയും നിയമിക്കണം. അറിയാത്തവര്‍ക്കോ, നിങ്ങള്‍ അവയെ ഉപദേശിച്ചു കൊടുക്കണം. എന്നാല്‍ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണവും അനുസരിക്കാത്ത ഏവനെയും ജാ

ഗ്രതയോടെ ന്യായം വിസ്തരിച്ചു മരണമോ പ്രവാസമോ പിഴയോ തടവോ അവനു കൽപിക്കേണ്ടതാകുന്നു" (എസ്രാ 7:25-26).

ഇതനുസരിച്ച് എസ്രാ പ്രവാചകൻ യഹൂദരെ സംഘടിപ്പിച്ചു സംസ്കരിക്കുകയും അവരിൽ മൂസവീ ശരീഅത്ത് നടപ്പാക്കുകയും ചെയ്തു. പ്രവാസ കാലത്ത് അവരിൽ കടന്നുകൂടിയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദൂരീകരിച്ചു. തൗറാത്ത് ക്രോഡീകരിച്ചു പ്രചരിപ്പിച്ചു. ബി.സി 445ൽ മറ്റൊരു യഹൂദ പരിഷ്കർത്താവായിരുന്ന നെഹമ്യാവിനെ ജറൂസലമിന്റെ ഭരണാധികാരിയാക്കി. അദ്ദേഹം നഗരം പുനർ നിർമിച്ചു. ബൈത്തുൽ മഖ്ദിസ് പൂർവ രൂപത്തിൽ പുനരുദ്ധരിച്ചു. അത് ജൂതമതത്തിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രമായി. തുടർന്ന് ഏതാനും നൂറ്റാണ്ടുകളിൽ യഹൂദർ വളർച്ചയുടെ പാതയിലായിരുന്നു. അവരുടെ സമ്പത്തു പെരുകി. സന്തതികളും വർധിച്ചു. ബാബിലോണിയയിൽ നിന്ന് തിരിച്ചെത്തിയ പ്രവാസികളും ജൂതമതം സ്വീകരിച്ച് യഹൂദരായിത്തീർന്ന ബാബിലോണിയക്കാരും അവരുടെ സന്തതികളും ഫലസ്ത്വീനിലെ വിവിധ സമുദായങ്ങളിൽ നിന്ന് ജൂതമതം സ്വീകരിച്ചവരും എല്ലാം ചേർന്ന വലിയൊരു ജനത രൂപം കൊണ്ടു. ബൈബിൾ യേശുവാ 10-12ലും യിരെമ്യാവ് 28-29ലും അക്കാലത്തു യഹൂദർ നേടിയ വിജയങ്ങളെക്കുറിച്ചു പറയുന്നുണ്ട്. പേർഷ്യൻ സാമ്രാജ്യത്തിന്റെ പതനവും അലക്സാണ്ടർ ചക്രവർത്തിയുടെ ദിഗ്വിജയങ്ങളും തുടർന്നുണ്ടായ ഗ്രീസിന്റെ ഉത്ഥാനവും യഹൂദർക്ക് വലിയ വിനയായി. അലക്സാണ്ടർക്കുശേഷം സാമ്രാജ്യം മൂന്നായി വിഭജിതമായപ്പോൾ സിറിയൻ പ്രദേശങ്ങൾ സലൂഖി രാഷ്ട്രത്തിന്റെ കീഴിലായി. ഈ രാഷ്ട്രത്തിന്റെ ഭരണാധികാരി അന്ത്യോക്കസ് മൂന്നാമൻ ബി.സി 198ൽ ഫലസ്ത്വീൻ ആക്രമിച്ചു കീഴടക്കി. ഗ്രീക്കുകാർ ജൂതന്മാരെയും അവരുടെ സംസ്കാരത്തെയും വെറുത്തു. തങ്ങൾ കീഴടക്കിയ പ്രദേശങ്ങളിൽ ഗ്രീക്കു സംസ്കാരം പ്രചരിപ്പിക്കാൻ പ്രതിജ്ഞാബദ്ധരായിരുന്നു. ഇസ്രാഈല്യരിൽ ഒരു വിഭാഗത്തെ ഗ്രീക്ക് സംസ്കാരം സ്വാധീനിച്ചപ്പോൾ മറ്റൊരു വിഭാഗം രൂക്ഷമായി ചെറുക്കുകയും സ്വന്തം പ്രവാചകന്മാരിൽ നിന്നു ലഭിച്ച സാംസ്കാരിക പൈതൃകങ്ങളിൽ ഉറച്ചു നിൽക്കുകയും ചെയ്തു. ചെറുത്തു നിന്നവരെ ഗ്രീക്കുകാർ ക്രൂരമായി അടിച്ചമർത്താൻ തുടങ്ങി. യഹൂദർ പിന്മാറിയില്ല. 'മകാബി വിപ്ലവം' എന്ന പേരിൽ ഗ്രീക്ക് സംസ്കാരം അടിച്ചേൽപ്പിക്കുന്നതിനെതിരെ ഒരു പ്രസ്ഥാനം തന്നെ യഹൂദരിൽ രൂപം കൊണ്ടു. ഈ പ്രസ്ഥാനം ഒടുവിൽ വിജയം കണ്ടു. അവർ ഗ്രീക്കുകാരെ പുറംതള്ളി ഒരു സ്വതന്ത്ര രാഷ്ട്രം സ്ഥാപിച്ചു. ബി.സി 67 വരെ നിലനിന്ന ഈ രാഷ്ട്രം നേരത്തെ നിലവിലുണ്ടായിരുന്ന യഹൂദ-ഇസ്രായേൽ രാഷ്ട്രങ്ങളുടെ പ്രദേശങ്ങൾ മുഴുവൻ ഉൾക്കൊണ്ടിരുന്നു. ഈ സംഭവങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ثُمَّ رَدَدْنَا لَكُمُ الْكَرَّةَ عَلَيْهِمْ എന്ന വാക്കിനെ 'പിന്നെ നിങ്ങൾക്ക് അവരെ ജയിക്കാൻ അവസരം നൽകി, നിങ്ങൾക്ക് വിജയം തിരിച്ചുതന്നു, വിജയത്തിലേക്ക് മടക്കി' എന്നൊക്കെ തർജമ ചെയ്യാറുണ്ട്. സാരാംശത്തിൽ എല്ലാം ഒന്നുതന്നെയാണ്. ഇസ്രാഈല്യർ ബാബിലോണിയക്കാരോട് നേരിട്ട് ഒരു യുദ്ധം ചെയ്തു വിജയിച്ചു എന്ന ആശയമാണ് പ്രഥമ ശ്രവണത്തിൽ അതു നൽകുന്നതെങ്കിലും അവർ ബാബിലോണിയക്കാരോട് നേരിട്ട് യുദ്ധം ചെയ്യുകയായിരുന്നില്ല. അതിനവർക്ക് കഴിയുകയില്ലായിരുന്നു. ബാബിലോണിയക്കാരെ തോൽപിച്ചത് പേർഷ്യക്കാരായിരുന്നു. പേർഷ്യൻ പടയോട്ടത്തെ ബാബിലോണിലെ പ്രവാസികളായ ഇസ്രാഈല്യർ പിന്തുണക്കുകയാണുണ്ടായത്. അതിന്റെ ഫലം പേർഷ്യയുടെ മേൽകോയ്മയിലാണെങ്കിലും അവർക്ക് സ്വദേശം തിരിച്ചുകിട്ടുക എന്ന വിജയമായിരുന്നു. പേർഷ്യക്കാരെ ബാബിലോണിനെതിരെ ഇളക്കിവിട്ടത് അല്ലാഹുവാണ്. ആ ഇളക്കിവിടലിന്റെ ലക്ഷ്യത്തിൽ യഹൂദരുടെ മോചനവുമുണ്ടായിരുന്നു. ഇതാണ് ഖുർആൻ പറയുന്നതെന്ന് സൂക്തത്തിലെ പദപ്രയോഗങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. മടക്കുക, തള്ളുക, മറുപടി പറയുക, പുറപ്പെട്ടിടത്തേക്കു തന്നെ തിരിച്ചുവരിക തുടങ്ങിയ അർഥങ്ങളിൽ ഉപയോഗിക്കുന്ന رد ൽ നിന്നുള്ള ക്രിയയാണ് رددنا.

رَدَدْنَا لَكُمُ ന് നിങ്ങൾക്കു വേണ്ടി മടക്കി എന്നും തിരിച്ചടിച്ചു എന്നും അർഥമാവാം. പ്രാവശ്യം, തവണ എന്നും ആക്രമണം എന്നും മടക്കൽ എന്നും അർഥമുള്ള പദമാണ് كَرَّة. ഈ സന്ദർഭത്തിൽ ഉചിതമായത് ആക്രമണമാണ്. അപ്പോൾ ثُمَّ رَدَدْنَا لَكُمُ الْكَرَّةَ عَلَيْهِمْ എന്ന വാക്യത്തിന്റെ ആശയം പിന്നെ നിങ്ങൾക്കുവേണ്ടി നാം അവർക്കുനേരെ ആക്രമണം മടക്കി അഥവാ തിരിച്ചടിച്ചു. ഇസ്രാഈല്യർക്കുവേണ്ടി അല്ലാഹു പേർഷ്യക്കാരെ ബാബിലോണിയക്കെതിരെ നിയോഗിക്കുകയായിരുന്നു. ■